# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **07.06.2018-ൽ മറുപടിക്ക്**
**ചോദ്യം നം. 1580**

### ഹാർബറുകളുടെ പുനരുദ്ധാരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.സി.ജോർജ്** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന എത്ര ഹാർബറുകൾ ഉണ്ട്; അവ ഏതെല്ലാമെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന 13 ഹാർബറുകളാണുള്ളത്. ജില്ല തിരിച്ചുള്ള ഹാർബറുകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം | ജില്ല | ഫിഷിംഗ് ഹാർബറുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | വിഴിഞ്ഞം ഫിഷിംഗ് ഹാർബർ |
| 2 | കൊല്ലം | തങ്കശ്ശേരി ഫിഷിംഗ് ഹാർബർ |
| 3 | കൊല്ലം | നീണ്ടകര ഫിഷിംഗ് ഹാർബർ |
| 4 | ആലപ്പുഴ | കായംകുളം ഫിഷിംഗ് ഹാർബർ |
| 5 | എറണാകുളം | മുനമ്പം ഫിഷിംഗ് ഹാർബർ |
| 6 | മലപ്പുറം | പൊന്നാനി ഫിഷിംഗ് ഹാർബർ |
| 7 | കോഴിക്കോട് | ബേപ്പൂർ ഫിഷിംഗ് ഹാർബർ |
| 8 | കോഴിക്കോട് | പുതിയാപ്പ ഫിഷിംഗ് ഹാർബർ |
| 9 | കോഴിക്കോട് | ചോമ്പാൽ ഫിഷിംഗ് ഹാർബർ |
| 10 | കണ്ണൂർ | മാപ്പിളബേ ഫിഷിംഗ് ഹാർബർ |
| 11 | കണ്ണൂർ | അഴീക്കൽ ഫിഷിംഗ് ഹാർബർ |
| 12 | കണ്ണൂർ | തലായ് ഫിഷിംഗ് ഹാർബർ |
| 13 | കാസർഗോഡ് | ചെറുവത്തൂർ ഫിഷിംഗ് ഹാർബർ |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് പ്രവർത്തനരഹിതമായ എത്ര ഹാർബറുകൾ ഉണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ 24 ഫിഷിംഗ് ഹാർബറുകളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിലുള്ളത്.<br>13 ഹാർബറു കൾ പ്രവർത്തനക്ഷമമാണ്. ശേഷിക്കുന്ന 11 ഹാർബറുകളിൽ 4 എണ്ണത്തിന്റെ നിർമ്മാണം (കൊയിലാണ്ടി, മഞ്ചേശ്വരം, ചേറ്റുവ, മുതലപ്പൊഴി) പുരോഗമിക്കുന്നു. കേന്ദ്ര ഫണ്ട് ലഭ്യമാകാത്തതിനാലും പുതുക്കിയ ഭരണാനുമതി ലഭിക്കാത്തതി നാലും മുടങ്ങിപ്പോയ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി നബാർഡ് വായ്പ പ്രയോജനപ്പെടുത്തി താനൂർ ഫിഷിംഗ് ഹാർബറിന് 36 കോടി രൂപയും വെള്ളയിൽ ഫിഷിംഗ് ഹാർബറിന് 22 കോടി രൂപയും അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന് 61 കോടി രൂപയും വകയിരുത്തുമെന്ന് 2018-19 ബഡ്ജറ്റ് |

| | | | |
|---|---|---|---|
| | | | പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ ആദ്യഘട്ടമായി അർത്തുങ്കൽ, താനൂർ എന്നീ ഫിഷിംഗ് ഹാർബറുകൾക്ക് വേണ്ടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ 15 കോടി രൂപയുടെയും വെള്ളയിൽ ഫിഷിംഗ് ഹാർബറിന് 15.3 കോടി രൂപയുടെയും പ്രൊപ്പോസലുകൾ പരിശോധിച്ചു വരികയാണ്.<br><br>കാസർഗോഡ് ഫിഷിംഗ് ഹാർബറിൽ അപ്രോച്ച് ചാനലിലൂടെ മത്സ്യബന്ധനത്തിനായി ബോട്ടുകൾ പോകുന്നുണ്ടെങ്കിലും ഹാർബറിലെ വാർഫിൽ ഫിഷ് ലാന്റിംഗ് നടക്കുന്നില്ല. ബോട്ടുകൾ വാർഫിൽ കെട്ടിയിടുന്നുണ്ടെങ്കിലും പുലിമുട്ടിന്റെ നീളവും വീതിയും വർദ്ധിപ്പിച്ചാൽ മാത്രമേ ഫിഷ് ലാന്റിംഗ് നടത്തുകയുള്ളൂ എന്നാണ് മത്സ്യത്തൊഴിലാളികളുടെ നിലപാട്. പുലിമുട്ടിന്റെ നീളവും വീതിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ NABARD RIDF XXIV-ൽ ഉൾപ്പെടുത്തി പരിശോധിച്ചു വരികയാണ്.<br><br>തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ നിർമ്മാണം പൂർത്തിയാക്കി 3 വർഷം വരെ പ്രവർത്തന ക്ഷമമായിരുന്നു. അതിനുശേഷം തെക്കേ പുലിമുട്ടിന്റെ തെക്ക് വശത്ത് സിൽട്ടേഷൻ ഉണ്ടാകുകയും ആയത് പരിഹരിക്കുന്നതിനായി CWPRS, പൂനെയുടെ ശുപാർശ അനുസരിച്ചുള്ള ഒരു പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചു വെങ്കിലും നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിനായി 80 കോടി രൂപ വകയിരുത്തിയിരുന്നു. ആദ്യഘട്ടത്തിന്റെ പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്.<br><br>ചെത്തി ഫിഷിംഗ് ഹാർബറിന്റെ വികസന പദ്ധതി 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ SPV ആയി കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെ നിശ്ചയിക്കുന്നത് പരിശോധിച്ച് വരികയാണ്.<br><br>ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തി യായാൽ ഉടനെ RIDF XXIII-ൽ ഭരണാനുമതി നൽകിയ 10.37 കോടി രൂപയുടെ പ്രവൃത്തി പുനരാരംഭി ക്കുന്നതാണ്. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 13 കോടി രൂപ എറണാകുളം ജില്ലാ കളക്ടർക്ക് നല്കിയിട്ടുണ്ട്. |
| (സി) | ഹാർബറുകളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെടുത്തി, പുതിയാപ്പ, ചോമ്പാൽ, ബേപ്പൂർ എന്നീ ഹാർബറുകളിൽ പുതിയ ബർത്തിംഗ് ജെട്ടി നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചതനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. രണ്ടാം ഘട്ട/മൂന്നാം ഘട്ട വികസനത്തിനായി നബാർഡ് RIDF 24 സ്കീമിൽ പദ്ധതി ഉൾപ്പെടുത്തി പരിശോധിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| | | | Capital Repairs & Maintenance Dredging of Fishing Harbours എന്ന ശീർഷക ത്തിലുൾപ്പെടുത്തി എല്ലാ ഹാർബറുകളിലും പുനരുദ്ധാരണ പ്രവൃത്തി നടന്നുവരുന്നു. |
| (ഡി) | ഹാർബറുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്ര സർക്കാരിൽ നിന്നും കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര തുക ധനസഹായം ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | ഹാർബറുകളുടെ പുനരുദ്ധാരണം ആധുനികവൽക്കരണം എന്നിവയ്ക്കായി NFDB യിൽ നിന്നും 2016-17 സാമ്പത്തിക വർഷം 165.16 ലക്ഷം ലഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തികവർഷവും 2018-19 സാമ്പത്തിക വർഷവും ഇതുവരെയും NFDB ധന സഹായം ലഭിച്ചിട്ടില്ല. പ്രവൃത്തി നടന്നുവരുന്ന ഹാർബറുകൾക്ക് 119 കോടി രൂപയുടെ സംസ്ഥാനത്തിന് അർഹമായ കേന്ദ്രസഹായം നിഷേധിച്ചിരിക്കയാണ്. |

സെക്ഷൻ ഓഫീസർ